## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 933. 09.08.2017 -ലെ മറുപടിക്ക്.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ചോദ്യം

**ശ്രീ.എ.എം.ആരിഫ് :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശ്രീ. ആഞ്ചലോസ്, മാവുങ്കൽ, അരൂർ. പി.ഒ. എന്നയാൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗമായിരിക്കെ തടിമില്ലിനിടയിൽപ്പെട്ട് ടിയാന്റെ കൈവിരൽ മുറിച്ച മാറ്റിയതിന് എത്ര രൂപയുടെ ധനസഹായമാണ് ടിയാന് നൽകാൻ ഉത്തരവായത്; | (എ) ശ്രീ. ആഞ്ചലോസ്, മാവുങ്കൽ, അരൂർ പി.ഒ. യ്ക്ക് തടിമില്ലിനിടയിൽപ്പെട്ട് കൈവിരൽ മുറിച്ച മാറ്റിയതുമായി ബന്ധപ്പെട്ട് ടിയാൻ അനുബന്ധമായി സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ 700/- രൂപ ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) തള്ള വിരൽ നഷ്ടമായതിനെ തുടർന്ന് ജോലിയിൽ തുടർന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിച്ച് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) 1998 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് നിയമത്തിലെ അപകട ധനസഹായ പദ്ധതി പ്രകാരം ജോലി സ്ഥലത്ത് സംഭവിക്കുന്ന അപകടത്തെ തുടർന്ന് സ്ഥായിയും സ്ഥിരവുമായ അവശത സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ ബോർഡിൽ നിന്ന് അപകട ചികിൽസാ ധനസഹായം അനുവദിച്ച വരുന്നുണ്ട്. ശ്രീ. ആഞ്ചലോസ് അവശത തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അപകട ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ